പതിനാറാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1566 **01-07-2026-ൽ മറുപടിയ്ക്ക്**

പെരുമ്പാവൂർ താലൂക്ക് ഗവൺമെന്റ് ആശുപത്രി കെട്ടിടം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. മനോജ് മൂത്തേടൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) പെരുമ്പാവൂർ താലൂക്ക് ഗവൺമെന്റ് ആശുപത്രി കെട്ടിടം കാലപ്പഴക്കം മൂലം ജീർണ്ണാവസ്ഥയിലാണ്. ദിനംപ്രതി നൂറ് കണക്കിന് രോഗികൾ ചികിത്സക്കായി എത്തുന്ന ഈ ആശുപത്രിക്ക് പുതിയ കെട്ടിടം പണിയുവാൻ നടപടി സ്വീകരിക്കുമോ;

മറുപടി: പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ആർദ്രം / മുനിസിപ്പൽ പദ്ധതികളിൽ ഉൾപ്പെടുത്തി 3 കോടി രൂപയുടെ ഒ.പി. നവീകരണം പൂർത്തിയാകുകയും 27/09/2025 -ന് ഉദ്ഘാടനം നിർവ്വഹിക്കുകയും ടി കെട്ടിടം നിലവിൽ ഉപയോഗിച്ചുവരുന്നതുമാണ്. കൂടാതെ 2023-24 ബഡ്ജറ്റിൽ ഉൾപ്പെടുത്തി പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ നവീകരണ പ്രവർത്തികൾക്കായി 3 കോടി രൂപ അനുവദിച്ചിട്ടുള്ളതും, ടി പ്രവൃത്തിയ്ക്ക് സ.ഉ.(സാധാ)നം.3279/2025/ആ.കു.വ. തീയതി 25/10/2025 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലെ പഴയ സ്റ്റെറിലൈസേഷൻ വാർഡ്, വാർഡ് 1, 2 എന്നീ കെട്ടിടത്തിന്റെ വില നിശ്ചയിക്കുന്നതിന് പെരുമ്പാവൂർ മുനിസിപ്പാലിറ്റിയിലേക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ